**"ഭരണഭാഷ-മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ:: DT/1692/2019-G2 തീയതി: 25/03/2019

## <u>വിജ്ഞാപനം</u>

വിഷയം: – വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് സെമസ്റ്റർ സമ്പ്രദായം – 2019 ജൂൺ പ്രൈവറ്റായി (വ്യാവസായിക തൊഴിലാളി) നാലാം സെമസ്റ്റർ (റഗുലർ) (MIS Portal മുഖേന) പരീക്ഷ എഴുതുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

2019 ജൂൺ-ൽ നടത്തുന്ന നാലാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (MIS Portal മുഖേന) സർക്കാർ/സ്വകാര്യ ഐ .ടി.ഐകളിൽ പരിശീലനം നേടാതെ പ്രൈവറ്റായി (വ്യാവസായിക തൊഴിലാളി) ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് താഴെപ്പറയുന്ന വിഭാഗത്തിൽപ്പെടുന്നവരും നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ **04-04-2019 വൈകുന്നേരം 3 മണിയ്ക്ക്** മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച ഐ .ടി.ഐയിലാണ് നാലാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷയും സമർപ്പിക്കേണ്ടത്.

I. **<u>അപേക്ഷകന് വേണ്ട യോഗ്യതകൾ</u>**

1. 2019 ജനുവരി മാസത്തിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് ലഭ്യമായവരായിരിക്കണം.
2. മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചപ്പോൾ സമർപ്പിച്ചിട്ടുള്ള ബന്ധപ്പെട്ട ട്രേഡിലെ പ്രവൃത്തി പരിചയം ഇപ്പോഴും തുടരുന്നവരായിരിക്കണം.

II. **<u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>**

1. തൊഴിൽ ചെയ്യുന്ന സ്ഥാപന മേധാവിയിൽ നിന്നുള്ള എൻ .ഒ.സി. (മാതൃക ഉള്ളടക്കം ചെയ്യുന്നു).

2. മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാജരാക്കിയ ബന്ധപ്പെട്ട ട്രേഡിലെ പ്രവൃത്തി പരിചയം ഇപ്പോഴും തുടരുന്നു എന്ന് തെളിയിക്കുന്ന തൊഴിൽ ഉടമയുടെ കയ്യൊപ്പും ഓഫീസ് മുദ്രയും ഉള്ള സാക്ഷ്യപത്രം (സാക്ഷ്യപത്രത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്).

3. മൂന്നാം സെമസ്റ്റർ പരീക്ഷയുടെ വിജ്ഞാപനം **30-10-2018** നാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി തീയതി മുതൽ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി വരെ അപേക്ഷകൻ ബന്ധപ്പെട്ട ട്രേഡിൽ നേടിയ പ്രവൃത്തി പരിചയം സ്വന്തം കൈപ്പടയിൽ ഒരു പ്രബന്ധമാക്കി തയ്യാറാക്കി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ടി പ്രബന്ധത്തിൽ അപേക്ഷകൻ സ്വന്തം പേര് രേഖപ്പെടുത്തി കയ്യൊപ്പ് ചാർത്തേണ്ടതും തൊഴിൽ ഉടമ പേര്, ഔദ്യോഗിക മേൽവിലാസം എന്നിവ രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിച്ച് മേലൊപ്പ് ചാർത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റിന്റെ/ലഭ്യമായ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.

**<u>പൊതുവായ നിർദ്ദേശങ്ങൾ</u>**

1. 2019 ജനുവരി മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ പരീക്ഷയിൽ (MIS PORTAL മുഖേന) പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ്/മാർക്ക് ലിസ്റ്റ് ലഭിച്ച അപേക്ഷകർക്ക് മാത്രമേ നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

2. മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ച ട്രേഡിനാണ് നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്.

3. മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ പ്രവൃത്തി പരിചയം നേടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനത്തിൽ നിന്ന് വേണം **30-10-2018** മുതൽ പ്രവൃത്തി പരിചയം നേടിയിരിക്കേണ്ടത്. ആകെ പ്രവർത്തന കാലയളവ് തുടർച്ചയായിട്ടുള്ളതായിരിക്കണം. ഇതിൽ എന്തെങ്കിലും വ്യത്യാസം ബോധ്യപ്പെട്ടുകയാമെങ്കിൽ ടി അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

4. ഓരോ ട്രേഡിലേയും സെമസ്റ്റർ പരീക്ഷയുടെ സിലബസ്സും മറ്റ് വിവരങ്ങളും www.dgt.nic.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

5. കെ.എസ്.ഇ.ബിയിൽ നിന്നുള്ള അപേക്ഷകർക്ക് ലൈൻമാൻ ഗ്രേഡ് 2 മുതലുള്ള പ്രവൃത്തിപരിചയമേ പരിഗണിക്കുകയുള്ളൂ.

6. അപേക്ഷാ ഫീസായി ആയിരത്തി ആൻപത് രൂപ (1,050/-) "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ് - 00-800-അദർ റസീപ്റ്റ് -88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും

ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം. കൂടാതെ നിശ്ചിത തീയതിയ്ക്കു ശേഷം അപേക്ഷ സമർപ്പിക്കുന്ന അപേക്ഷകർ 525/- രൂപ ഫൈനോടു കൂടി **08-04-2019** തീയതിയ്ക്കകം അപേക്ഷിക്കേണ്ടതാണ്.

7. ഒരിക്കൽ അടച്ച പരീക്ഷ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

8. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.റ്റി നടത്തി വരുന്നത്. ടി ഒ.എം.ആർ. ഷീറ്റുകൾ പ്രിന്റ് ചെയ്യുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചെലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ഡി.ജി.റ്റിയിൽ നൽകണമെന്ന് 13.11.2014 തീയതിയിലെ DGET-19[7]/2014-CD നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ടി തുക ഈടാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്നതായിരിക്കും.

9. 30.01.2018 തീയതിയിലെ DGET-180/11/DGT/2017-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നിർത്തലാക്കിയതായി ഡി.ജി.റ്റി അറിയിച്ചിട്ടുണ്ട്.

10. 250 മുതൽ 500 വരെ വാക്കുകൾ ഉൾക്കൊള്ളിച്ചുള്ള പ്രവൃത്തി പരിചയ റിപ്പോർട്ട് അടങ്ങിയ പ്രബന്ധം സ്വന്തം കൈപ്പടയിൽ എഴുതി വേണം തയ്യാറാക്കാൻ. പ്രിന്റ് ചെയ്തതോ, ഡിറ്റി.പിയിൽ തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ പ്രബന്ധങ്ങൾ അംഗീകരിക്കുന്നതല്ല.

11. ഒരേപോലെ എഴുതി തയ്യാറാക്കിയ പ്രബന്ധങ്ങൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

12. അപേക്ഷകന്റേയോ തൊഴിൽ ഉടമയുടേയോ കയ്യൊപ്പോ, ഔദ്യോഗിക മേൽവിലാസമോ, ഓഫീസ് മുദ്രയോ ഇല്ലാത്ത പ്രബന്ധങ്ങൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

13. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രവൃത്തി പരിചയം സാക്ഷ്യപ്പെടുത്തുന്ന തൊഴിൽ ഉടമയുടെ സർട്ടിഫിക്കറ്റിൽ തൊഴിൽ ഉടമയുടെ കയ്യൊപ്പോ, ഔദ്യോഗിക മേൽവിലാസമോ, ഓഫീസ് മുദ്രയോ രേഖപ്പെടുത്തിയിട്ടില്ലായെങ്കിലോ ടി സർട്ടിഫിക്കറ്റിൽ

വെട്ടിത്തിരുത്തലുകൾ ഉണ്ടെങ്കിലോ ടി അപേക്ഷകൾ ഒരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.

14. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂറ്റിയഞ്ച് രൂപ (105/-) അതാത് ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിന് ശേഷം ബാദ്ധ്യതയൊന്നും ഇല്ലായെന്ന് കണ്ടാൽ ടി ജാമ്യ തുക മടക്കി നൽകുന്നതുമാണ്.

15. അപേക്ഷയുടെ ഒന്നാംഘട്ട സൂക്ഷ്മ പരിശോധനകൾ അതത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ നടത്തേണ്ടതാണ്. ഇതിനുവേണ്ടി അപേക്ഷകൻ ജോലി ചെയ്തുവരുന്ന സ്ഥാപനത്തിൽ നേരിട്ട് പോയി പരിശോധിച്ച് ടിയാൻ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ, ടിയാൻ സമർപ്പിച്ചിട്ടുള്ള പ്രവൃത്തി പരിചയ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രബന്ധത്തിലെ വിവരങ്ങൾ എന്നിവ ശരിയാണോയെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വേണം പ്രിൻസിപ്പാൾമാർ അപേക്ഷയിൽ ശിപാർശ രേഖപ്പെടുത്തേണ്ടത്.

16. മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റ്, വിജ്ഞാപന പ്രകാരമുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ ഒപ്പ് എന്നിവ ഇല്ലാത്ത അപേക്ഷകൾ ,തൊഴിൽ പരിചയ റിപ്പോർട്ട് പ്രകാരം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രബന്ധത്തിൽ അപേക്ഷകന്റെ ഒപ്പ്, മേൽവിലാസം, ഓഫീസ് മുദ്ര, തൊഴിൽ ഉടമയുടെ കയ്യൊപ്പ്, ഔദ്യോഗിക മേൽവിലാസം ഇല്ലാത്ത അപേക്ഷകൾ , സ്വന്തം കൈപ്പടയിൽ തയ്യാറാക്കാത്ത പ്രബന്ധം ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ, പ്രബന്ധം ഒരേ പോലെ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ എന്നിവ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തന്നെ പരിശോധിച്ച് ഐ.ടി.ഐ തലത്തിൽ തന്നെ നിരസിക്കേണ്ടതും നിരസിക്കുന്ന അപേക്ഷയുടെ വിവരം ബന്ധപ്പെട്ട അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ശിപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിൽ സമപ്പിക്കുവാൻ പാട്ടുള്ളൂ . ഇതിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പാൾമാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

17. പ്രിൻസിപ്പാൾമാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾ **10-04-2019** ന് വൈകുന്നേരം 3 മണിക്ക് മുൻപായി പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖാന്തരം എത്തിക്കേണ്ടതാണ്. ട്രെയിനികളുടെ വിവരങ്ങൾ സമയബന്ധിതമായി എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തേണ്ടതിനാൽ നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

18. വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സിയുടെ ബന്ധപ്പെട്ട പേജ് , മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് MIS PORTAL മുഖേന ലഭിച്ച ഹാൾടിക്കറ്റിന്റെ /മാർക്ക്

ലിസ്റ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

19.ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷാ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം ചെയ്യുന്ന തീയതി തുടങ്ങിയ കാര്യങ്ങൾ ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.

20.പൊതു നിർദ്ദേശത്തിൽ പറയുന്ന രേഖകൾ കൂടാതെ ഓരോ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും പ്രത്യേകമായി നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ അവയും അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

21.അപേക്ഷാ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അപേക്ഷാ ഫാറത്തിന്റെ മാതൃക ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.ഐകളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്).

22.പരീക്ഷാ കേന്ദ്രം- തിരുവനന്തപുരം (പൊതു മേഖല സ്ഥാപനങ്ങളിൽ നിന്ന് പ്രവൃത്തി പരിചയം പരിഗണിച്ച് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾക്ക്)

23.ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെന്റായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷകൾ ഒ.എം.ആർ.മാതൃകയിൽ നടത്തുന്നതിനാൽ റോൾ നമ്പർ അടക്കമുള്ള വിവരങ്ങൾ ഒ.എം.ആർ.ഷീറ്റിൽ തെറ്റായോ അശ്രദ്ധയോടുകൂടിയോ രേഖപ്പെടുത്തിയാൽ പ്രസ്തുത ഒ.എം.ആർ ഷീറ്റുകൾ മൂല്യനിർണ്ണയം നടത്താൻ സാധിക്കില്ല എന്ന് ഡി.ജി.റ്റി അറിയിച്ചിട്ടുണ്ട്. കൂടാതെ ഒ.എം.ആർ ഷീറ്റുകൾ മൂല്യനിർണ്ണയം നടത്തുന്നത് മെഷീൻ ഉപയോഗിച്ചാണ്. ആയതിനാൽ ടി മൂല്യ നിർണ്ണയത്തിൽ തെറ്റ് സംഭവിക്കാനുള്ള സാദ്ധ്യത കുറവായതിനാൽ പുനഃപരിശോധനയോ റീ-കൗണ്ടിംഗോ അനുവദിക്കുന്നതല്ലായെന്നും ഡി.ജി.റ്റി അറിയിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു . കൂടാതെ എഞ്ചിനീയറിംഗ് ഡ്രായിംഗ് വിഷയത്തിന്റെ ഉത്തരക്കടലാസ്സുകളിൽ റോൾ നമ്പർ തെറ്റിച്ചെഴുതിയാൽ ടി ഉത്തരക്കടലാസ്സുകളും പിന്നീട് മൂല്യ നിർണ്ണയം നടത്തുന്നതല്ല.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**കുറിപ്പ്:-**ഡയറക്ടറേറ്റിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുന്ന അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഉൾക്കൊളളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ട മാതൃകയിലുളള അപേക്ഷാ ഫാറത്തിന്റെ രണ്ട് പകർപ്പ് (ഒരു പകർപ്പ് ഐ.ടി.ഐയിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ പകർപ്പ് പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതുമാണ്).

2. പ്രവൃത്തി പരിചയം കാണിച്ചുകൊണ്ടുളള തൊഴിൽ ഉടമയുടെ സർട്ടിഫിക്കറ്റിലും, സ്വയം എഴുതി തയ്യാറാക്കിയ അപേക്ഷകന്റെ ഒപ്പോടു കൂടിയ തൊഴിൽ സംബന്ധമായ വിവരണത്തിലും , അപേക്ഷയിലെ ബന്ധപ്പെട്ട പ്രൊഫോർമയിലും തൊഴിലുടമ മേലൊപ്പ് ചാർത്തി ഔദ്യോഗിക മേൽവിലാസവും, ഓഫീസ് മുദ്രയും പതിപ്പിച്ചിരിക്കണം. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച സാക്ഷ്യപത്രവും ഉളളടക്കം ചെയ്തിരിക്കണം.

3. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുളള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

4. മൂന്നാം സെമസ്റ്റർ പരീക്ഷയുടെ എം.ഐ.എസ് പോർട്ടൽ മുഖേന ലഭിച്ച ഹാൾടിക്കറ്റിന്റെ/മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5. പരീക്ഷാ ഫീസ് ഒടുക്കിയതിന്റെ ഒറിജിനൽ ചെലാൻ.

6. അപേക്ഷകരുടെ ഫീസ് ഒടുക്കിയ വിവരങ്ങൾ ഉൾപ്പെടെയുള്ള ലിസ്റ്റ്.

7. അപേക്ഷകന്റെ 2 ഫോട്ടോ (ഒരു ഫോട്ടോ അപേക്ഷയിൽ പതിപ്പിക്കേണ്ടതാണ്. ഒരു ഫോട്ടോ ഐ.ടി.ഐയിൽ സൂക്ഷിക്കേണ്ടതും ഫോട്ടോ പതിപ്പിക്കാത്ത ഹാൾടിക്കറ്റ് ആണ് ലഭിക്കുന്നതെങ്കിൽ ഒരു ഫോട്ടോ ഹാൾടിക്കറ്റിൽ പതിപ്പിച്ച് മേലൊപ്പചാർത്തി വിതരണം നടത്തേണ്ടതുമാണ്).

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
വകുപ്പ് വെബ്സൈറ്റിലേയ്ക്ക്

## അനുബന്ധം –1

ഐ.ടി.ഐയുടെ പേര് സെമസ്റ്റർ............

| ക്രമ നം | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ | തുക |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്
പേര്

## പരിശോധനാ സർട്ടിഫിക്കറ്റ്

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് അനുമതി നൽകാമെന്ന് ശിപാർശ ചെയ്യുന്നു.

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്
പേര്
ഔദ്യോഗിക മേൽവിലാസം

തീയതി:

സ്ഥലം:

**APPLICATION FOR THE ALL INDIA TRADE TEST FOR PRIVATE CANDIDATES (INDUSTRIAL WORKERS) JUNE 2019**
**IV SEMESTER (REGULAR) (Through MIS Portal)**

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Date of Birth | | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Whether employed *(given full address of Employer)* | | |
| 8. | Religion & Caste. | | |
| 9. | Whether the applicant from Establishment covered under Apprentice Act 1961 | | |
| 10. | Whether the Applicant appeared for Apprentice test under Apprentice Act, 1961 who failed six times in the AIATT *(Furnish the details)* | | |
| 11. | Roll No. in III Semester Exam (attested copy of Hall Ticket to be attached) | | |
| 12. | Nature of Employment | | Permanent/ Temporary |
| 13. | Name of Trade applied | | |
| 14. | Fees Details | | Chelan No………. …..<br>Chelan Date:……………<br>Name of Treasury…………… |

Place:
Date:

Signature of the applicant.

## **Proforma-I**

*(To be submitted by the candidates mentioned in Para A of the Notification duly filled and signed by the Employer concerned).*

Certified that Shri/Smt..................................................... working this establishment as ..........................................................................................and drawing a total amount of Rs................ (Rupees........................................ only) per mensem towards salary.

| Sl No | Designation | Service details period | | Pay Drawn particulars |
|---|---|---|---|---|
| | | From | To | |
| 1. | | | | |
| 2. | | | | |
| 3. | | | | |

Place: Signature
Date: (Office Seal) (Name & Designation of Employer)

*Note to Employers:-*

1. The applications need to be recommended and forwarded only if the applicant is a regular employee working on full term basis and has a continuous service of three year in relevant trade for which the employee has to appear for trade test or work in your establishment and performed duties connected with the Trade applied for.
2. The bonafides of statements made will be verified with the concerned authorities before granting permission to appear for the trade test.

*Recommendation of concerned ITI's Principals*.

I do hereby state that the candidate is working in the establishment were Apprenticeship Training Programme is implemented. The documents and the work done report of relevant trade submitted has been verified by me. Hence ***Recommended*** the application for considering to permit for the ensuing trade test conducted in as private candidate.

Place: Signature
Date: (Office Seal) (Name & Designation of Principal)

N.B. Recommendation may be made only if the employee worked in the relevant trade for the minimum 3 years. Without the recommendation of the Principals of ITIs concerned, that application will be rejected.

S/21.11

# NO OBJECTION CERTIFICATE

This department has no objection that Sri/Smt..................................... in ............................................... Trade to attend All India Trade Test June 2019 conducted by Industrial Training Department under condition that this will not in any way affect his/ her normal duties of this department.

Place

Date

Signature:

Name of Office

Office Seal

Designation